(സി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി +44.41 മീറ്ററിൽ 120.52 ദശലക്ഷം ഘനമീറ്ററാണ്. എന്നാൽ ഇതുവരെയായി +43.28 മീറ്ററിൽ 113.590 ദശലക്ഷം ഘനമീറ്റർ ജലം മാത്രമേ സംഭരിച്ചിട്ടുള്ളൂ. +43 മീറ്ററിൽ വെള്ളം സംഭരിക്കുമ്പോൾ തന്നെ മുതുകാട് ഭാഗത്തുള്ള വീടുകളിൽ വെള്ളം കയറുന്നതുകൊണ്ട് പൂർണ്ണശേഷിയിൽ വെള്ളം സംഭരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി, ഇ) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പൂർണ്ണശേഷി +44.41 മീറ്ററാണ്. എന്നാൽ +43.00 മീറ്ററിൽ വെള്ളം സംഭരിക്കുമ്പോൾ ജലസംഭരണിപ്രദേശത്തുള്ള വീടുകളിലേക്കും കൃഷിഭൂമിയിലേക്കും വെള്ളം കയറുന്നുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ജലസംഭരണിയുടെ പൂർണ്ണശേഷിയിലുള്ള സ്ഥലം സർവ്വെ നടത്തി അതിർത്തി പുനർനിർണ്ണയിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) മുതുകാട് ഭാഗത്ത് വെള്ളം കയറുന്ന ഭാഗത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് ജലസേചന വകുപ്പിന്റെ അധീനതയിൽ "കൂവപ്പൊയിൽ" ഭാഗത്തുള്ള സ്ഥലം നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്കും ചീഫ് എൻജിനീയർ, പ്രോജക്ട്-Iനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പദ്ധതിയുടെ റീ-സർവ്വെ നടത്തി അതിർത്തി പുനർനിർണയിച്ചാൽ മാത്രമേ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

(എച്ച്) പദ്ധതിയുടെ ഭൂമി സംരക്ഷിക്കുന്നുണ്ട്. പദ്ധതിയിൽ പൂർണ്ണശേഷിയിൽ വെള്ളം സംഭരിക്കുന്നതിനുവേണ്ടി അണക്കെട്ടിനെ ബലപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജലസംഭരണിയുടെ സർവ്വെ നടത്തി അതിർത്തി പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കനാലുകളുടെ അറ്റകുറ്റ പണികൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടത്തുന്നുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ ഉദ്ദേശം

69(1345) ശ്രീ. രാജു എബ്രാഹം:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതായി എന്തെങ്കിലും വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനമാകുന്ന പഠന റിപ്പോർട്ട് എന്നാണ് തയ്യാറാക്കിയത്; പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കിയത് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടുകൂടിയായിരുന്നോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിൽനദികളിൽ അധികജലമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെ സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനവും ചേർന്ന് പുതിയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഡ്യയിലെ നദികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നിർദ്ദേശിക്കപ്പെട്ടതിൽ കേരള ഗവൺമെന്റ് ശക്തമായ പ്രതിഷേധം ബന്ധപ്പെട്ട വ്യക്തികളേയും ഏജൻസിയേയും അറിയിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികളല്ല. ആയതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റൊരു സംസ്ഥാനത്തിലേക്ക് തിരിച്ചു വിടണമെന്ന് പറയാൻ അവകാശമില്ല എന്നാണ് കേരളത്തിന്റെ നിലപാട്. അപ്രകാരം ചെയ്യുന്നത് ഭരണഘടനാ ലംഘനമാണ്.

28-12-2004-ൽ ന്യൂഡൽഹിയിൽ വച്ചു നടന്ന ദേശീയ ജല വികസന ഏജൻസിയുടെ 46-ാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിക്കെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം കണക്കിലെടുത്ത് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീ സംയോജന പദ്ധതിയുടെ പ്രയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല എന്ന് കേന്ദ്ര ജല വിഭവ വകുപ്പ് സെക്രട്ടിറി അറിയിച്ചിട്ടുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനമായ പഠന റിപ്പോർട്ട് 1995-ൽ ആണ് തയ്യാറാക്കിയത്. പഠന റിപ്പോർട്ട് തയ്യാറാക്കിയത് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടു കൂടിയല്ല.

(ഡി) ഉണ്ട്. ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പമ്പ-അച്ചൻകോവിൽ നദികളിലായി ഏകദേശം $3127 mm^3$ ജലം മിച്ചം വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ അധിക ജലത്തിന്റെ 20 ശതമാനമായ 634 മില്യൻ ക്യൂബിക് മീറ്റർ അഥവാ 22.5 ടി.എം.സി. ജലമാണ് തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ചുവിടാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly